**മധുരമായ കുട്ടികളേ – ഒരേയൊരു ഈശ്വരന്റെ മതം മാത്രമാണ് ശ്രേഷ്ഠമായ മതം. ഈ മതമനുസരിച്ച് നടക്കുന്നതിലൂടെ നിങ്ങൾ സത്യമായ സ്വർണ്ണമായിത്തീരുന്നു. ബാക്കി എല്ലാ മതങ്ങളും അസത്യമാക്കി മാറ്റുന്നവയാണ്.**

**ചോദ്യം** – ഒരു മനുഷ്യാത്മാവിലുമില്ലാത്ത ഏതൊരു പാർട്ടാണ് ജ്ഞാനസാഗരനായ ബാബയിലുളളത്?
**ഉത്തരം** – ബാബ പറയുന്നു – ആത്മാവായ എന്നിൽ ഭക്തരെ സംരക്ഷിക്കാനുള്ള, എല്ലാവർക്കും സുഖം നൽകുന്ന പാർട്ടാണുള്ളത്. ജ്ഞാനസാഗരനായ ബാബ എല്ലാ കുട്ടികളിലും അവിനാശി ജ്ഞാനത്തിന്റെ മഴ പെയ്യിക്കുന്നു. ഈ ജ്ഞാന രത്നങ്ങൾ വിലമതിക്കാനാവാത്തതാണ്. ഞാൻ മുക്തേശ്വരനാണ്, ആത്മീയ വഴികാട്ടിയായി, നിങ്ങൾ ആത്മാക്കളെ തിരികെ ശാന്തിധാമത്തിലേക്ക് കൊണ്ടു പോകുന്നു. ഇതെല്ലാം തന്നെ എന്റെ പാർട്ടിൽ അടങ്ങിയിട്ടുള്ളതാണ്. ഞാൻ ആർക്കും തന്നെ ദു:ഖം നൽകുന്നില്ല. അതുകൊണ്ടാണ് എല്ലാവരും എനിക്ക് കണ്ണുകളിൽ സ്ഥാനം നൽകിയിരിക്കുന്നത്. രാവണനാകുന്ന ശത്രു ദു:ഖമാണ് നൽകുന്നത്. അതുകൊണ്ടാണ് രാവണന്റെ കോലത്തെ കത്തിക്കുന്നത്.

**ഗീതം** – ആരാണോ അച്ഛന്റെ കൂടെ.......

**ഓംശാന്തി**. ബാബ ഓം എന്നതിന്റെ അർത്ഥത്തെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കിത്തന്നു. ഓം അർത്ഥം ഞാൻ ആത്മാവ്. എന്നുവെച്ചാൽ ഇത്രയും ചെറുതാണ്. അല്ലാതെ ഞാൻ ഈശ്വരനാണ് എന്നല്ല അതിനർത്ഥം. ഓം എന്നതിന്റെ അർത്ഥമെന്താണെന്ന് പണ്ഡിതന്മാരോട് ചോദിക്കണം. അപ്പോൾ അവർ ഒരുപാട് അർത്ഥങ്ങൾ പറഞ്ഞുതരുന്നു, അതൊന്നും തന്നെ യഥാർത്ഥമായതാവില്ല. യഥാർത്ഥം അയഥാർത്ഥം, സത്യം അസത്യം. ഒരേയൊരു ബാബയാണ് സത്യം. ബാക്കി ഈ സമയം അസത്യതയുടെ രാജ്യമാണ്. രാമരാജ്യത്തെ സത്യതയുടെ രാജ്യമെന്നാണ് പറയുക. രാവണരാജ്യത്തെ അസത്യതയുടെ രാജ്യമെന്നും. രാവണൻ അയഥാർത്ഥമായ കാര്യങ്ങളാണ് കേൾപ്പിക്കുക. ബാബ സത്യമാണ്, സത്യമായത് കേൾപ്പിച്ച് നമ്മെ സത്യമായ സ്വർണ്ണത്തിനു സമാനമാക്കി മാറ്റുന്നു. പിന്നീട് മായാ രാവണൻ അസത്യമാക്കി മാറ്റുന്നു. മായയുടെ പ്രവേശത മൂലം മനുഷ്യർ എന്തെല്ലാമാണോ കേൾപ്പിക്കുന്നത് അതെല്ലാം തന്നെ അസത്യമായതാണ്. ഇതിനെ ആസുരീയ മതമെന്നാണ് പറയുന്നത്. ബാബയുടെത് ഈശ്വരീയ മതമാണ്. ആസുരീയ മതമുള്ളവർ അസത്യം മാത്രമേ പറയൂ. ലോകത്തിൽ അനേക ആസുരീയ മതങ്ങളുണ്ട്. ഗുരുക്കന്മാരും അനേകരുണ്ട്. അവരുടെതൊന്നിനെയും ശ്രീമതമെന്നു പറയില്ല. ഒരേയൊരു ഈശ്വരന്റെ മതത്തെയാണ് ശ്രീമതമെന്നു പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നു, നമ്മൾ ശ്രീമത പ്രകാരം നടന്ന് ശ്രേഷ്ഠമാകുകയാണ്. ഏറ്റവും ശ്രേഷ്ഠമായത് പരമപിതാവായ പരമാത്മാവാണ്. അവർ വസിക്കുന്നതും ഉയർന്നതിലും ഉയർന്ന സ്ഥാനത്താണ്. എല്ലാ ഭക്തരും അവരെത്തന്നെയാണ് ഓർമ്മിക്കുന്നത്. ഭക്തർ ശ്രീമതത്തെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു, അപ്പോൾ തീർച്ചയായും ആസുരീയ മതത്തിലാണ്. ഇപ്പോൾ നിങ്ങൾ ശ്രീമതത്തനുസരിച്ച് ശ്രേഷ്ഠമായിക്കൊണ്ടിരിക്കുന്നു. പിന്നീട് സത്യയുഗത്തിൽ ഭഗവാനേ.... എന്ന് വിളിച്ച് ഓർമ്മിച്ചുകൊണ്ടിരിക്കേണ്ടതായ ആവശ്യമില്ല. ഈശ്വരനെ ഓർമ്മിക്കാനായി ദേവീദേവതകൾക്ക് ദു:ഖമില്ലല്ലോ. എന്നാൽ ഇവിടെ ഭക്തർക്ക് അപാര ദു:ഖമാണ്. ഇപ്പോൾ ദു:ഖത്തിന്റെ പർവ്വതം വീഴാൻ പോവുകയാണ്. മഹാഭാരതയുദ്ധം മനുഷ്യർക്കുള്ള ദു:ഖത്തിന്റെ പർവ്വതമാണ്. എന്നാൽ നിങ്ങൾ കുട്ടികൾക്ക് സുഖത്തിന്റെ പർവ്വതവും. കാരണം ദു:ഖത്തിനു ശേഷം തീർച്ചയായും സുഖം വരുമെന്നുള്ളത് നിങ്ങൾക്കറിയാം. ഈ വിനാശത്തിനുശേഷം പിന്നീട് തീർച്ചയായും നിങ്ങളുടെ രാജ്യമാണുണ്ടാകുന്നത്. അനേക ധർമ്മങ്ങളുടെ വിനാശവും, ഏതൊരു ധർമ്മമാണോ ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുന്നത് അതിന്റെ സ്ഥാപനയും നടക്കുന്നു. ഈ മഹാഭാരതയുദ്ധത്തിലൂടെ സ്വർഗ്ഗത്തിന്റെ വാതിലാണ് തുറക്കുന്നത്. ഈ ഗേറ്റിലൂടെ ആരാണ് പോകുക? ആരാണോ രാജയോഗം പഠിക്കുന്നത് അവരാണ് പോകുന്നത്. പഠിപ്പിക്കുന്നത് ഒരേയൊരു ബാബയാണ്. ആരാണോ അച്ഛന്റെ കൂടെ അവർക്കാണ് ജ്ഞാനമഴ. പിയാ എന്നാൽ അച്ഛനെയാണ് ഉദ്ദേശിക്കുന്നത്. സാധാരണ മഴ, വെള്ളത്തിന്റെ സാഗരത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ഇത് അവിനാശി ജ്ഞാനരത്നങ്ങളുടെ മഴയാണ്. ആരാണോ ജ്ഞാനസാഗരനായ അച്ഛനോടൊപ്പമുള്ളവർ അവർക്കാണ് അവിനാശി ജ്ഞാനരത്നങ്ങളുടെ മഴ. ഈ അവിനാശി ജ്ഞാന രത്നങ്ങളെ നിങ്ങളുടെ ബുദ്ധിയാകുന്ന സഞ്ചിയിൽ ധാരണ ചെയ്യണം. പഠിപ്പ് ബുദ്ധിയിലാണല്ലോ ധാരണ ചെയ്യപ്പെടുന്നത്. ആത്മാവ് അർത്ഥം മനസ്സ് ബുദ്ധി സഹിതമാണ്, അർത്ഥം ആത്മാവ് ധാരണ ചെയ്യുന്നതിന് അഥവാ ഗ്രഹിക്കുന്നതിന് സമാനമാണ്. ആത്മാവിന് ഈ ശരീരമുള്ളതുപോലെ ആത്മാവിൽ തന്നെയാണ് മനസ്സും ബുദ്ധിയുമുള്ളത്. ബുദ്ധിയിലാണ് ജ്ഞാനം ഗ്രഹിക്കുന്നത്. എന്നാൽ യോഗമുണ്ടെങ്കിൽ മാത്രമേ ധാരണയുണ്ടാകൂ. ബാബ

യാണ് നിങ്ങൾക്ക് ഇങ്ങനെയുള്ള സഹജമായ കാര്യങ്ങൾ മനസ്സിലാക്കിത്തരുന്നത്. മനുഷ്യർ നിങ്ങൾക്ക് ഇത്രയും കാലം വളരെ ബുദ്ധിമുട്ടു നിറഞ്ഞ കാര്യങ്ങളാണ് കേൾപ്പിച്ചു തന്നത്. ശാസ്ത്രങ്ങളിലും ധാരാളം അഭിപ്രായങ്ങളുണ്ട്. ഗീതയ്ക്ക് വളരെ ഉയർന്ന മഹിമയാണ്. ഓരോ അദ്ധ്യായങ്ങളുടെയും അർത്ഥത്തെ വ്യാഖ്യാനിക്കുന്നുണ്ട്. അനേകാനേക ഗീതകളാണ് ഉണ്ടാക്കിയിട്ടുള്ളത്. മറ്റൊരു തരത്തിലുള്ള ശാസ്ത്ര ങ്ങളും ഇത്രയും അനേക പ്രകാരത്തിലില്ല. എന്നാൽ ഗീതയെക്കുറിച്ച് പറയാറുണ്ട് – ഗാന്ധി ഗീത, ടാഗോർ ഗീത, ജ്ഞാനേശ്വര ഗീത, അഷ്ടാവക്ര ഗീത.... അങ്ങനെ ഗീതയ്ക്ക് പല പേരുകളുണ്ട്. മറ്റൊരു വേദ ശാസ്ത്രങ്ങൾക്കും ഇത്രയും പേരുകൾ കേട്ടിട്ടില്ല. എന്നാൽ മനുഷ്യർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഈ ജ്ഞാനം തന്നെ ഇല്ലാതാകുന്നു. പിന്നീട് ദൈവീക സ്വരാജ്യം എവിടുന്നു പ്രാപ്തമാകും? തീർച്ച യായും ആരാണോ സത്യയുഗത്തിന്റെ സ്ഥാപന നിർവ്വഹിക്കുന്നത് അവർക്കല്ലേ സാധിക്കൂ. നിങ്ങൾ കുട്ടി കൾക്ക് രാജ്യ പദവി നൽകുവാനായി ബാബ വന്നിരിക്കുകയാണ്. അതും 21 ജന്മത്തേക്കു വേണ്ടി. കുമാ രിമാർ 21 കുലത്തെ ഉദ്ധരിക്കുന്നവരാണെന്ന് പറയാറുണ്ട്. ആ കുമാരിമാർ ആരാണ്? നിങ്ങളെല്ലാവരും കുമാരി–കുമാരന്മാരാണ്. നിങ്ങൾ ആർക്കു വേണമെങ്കിലും 21 ജന്മത്തേക്കുള്ള രാജ്യഭാഗ്യം പ്രാപ്തമാ ക്കുവാൻ സാധിക്കും. ശ്രീമത്തിലൂടെ അഥവാ ബാബയുടെ മതത്തിലൂടെ. പാഠശാലയിൽ പഠിക്കുന്ന വർക്ക് നമ്മൾ വിദ്യാർത്ഥികളാണെന്ന് അറിയാം. മറ്റു സത്സംഗങ്ങളിലൊന്നും വിദ്യാർത്ഥികളെന്ന് മനസ്സി ലാക്കില്ല. വിദ്യാർത്ഥികൾക്ക് തന്റെ ലക്ഷ്യത്തെക്കുറിച്ച് ബുദ്ധിയിലുണ്ടാകുന്നു. നിങ്ങളെല്ലാവരും ഈശ്വ രീയ വിദ്യാർത്ഥികളാണ്. ഭഗവാനുവാച – ഞാൻ നിങ്ങളെ രാജയോഗം പഠിപ്പിക്കുന്നു. മനുഷ്യനിൽ നിന്നും ദേവതയാക്കുന്നു. ആദ്യം ദേവതകളുടെ രാജധാനിയായിരുന്നു. രാജാ–റാണിമാരെപ്പോലെ പ്രജ കളും ദേവതകളായിരുന്നു. നരനിൽ നിന്നും നാരായണനാകുന്നു. ഈ ലക്ഷ്യമാണ് ആദ്യം. അല്ലാതെ രാജാ രാമനും, റാണി സീതയുമായിത്തീരണമെന്നു പറയില്ല. ഇത് രാജയോഗമാണ്. രാജാക്കന്മാരുടെയും രാജാവാക്കി മാറ്റുന്നു. നഷ്ടപ്പെട്ട രാജ്യം തിരികെ നൽകുന്നതിനായി കല്പ–കല്പം ഞാൻ വന്നുകൊണ്ടി രിക്കുന്നു. നിങ്ങളുടെ രാജ്യത്തെ തട്ടിപ്പറിച്ചത് മറ്റൊരു മനുഷ്യനുമല്ല. മായയാണ് തട്ടിപ്പറിച്ചത്. ഇപ്പോൾ നിങ്ങൾക്ക് മായയുടെ മേൽ തന്നെ വിജയിക്കുകയും വേണം. മറ്റു യുദ്ധങ്ങളെല്ലാം രാജാക്കന്മാർ തമ്മിലാ ണുണ്ടാകുന്നത്. പരസ്പരം വിജയിക്കാനായാണ് യുദ്ധം ചെയ്യുന്നത്. ഇപ്പോൾ ജനാധിപത്യമാണ്. പരിധി യുള്ള രാജാക്കന്മാർ തമ്മിലുള്ള അനേക യുദ്ധങ്ങൾ നടന്നുകഴിഞ്ഞു. അതിലൂടെ അവർക്ക് പരിധിയുള്ള രാജ്യമാണ് ലഭിക്കുന്നത്, എന്നാൽ നിങ്ങൾ യോഗബലത്തിലൂടെ പരിധിയില്ലാത്ത വിശ്വത്തിന്റെ രാജധാനി യാണ് സ്ഥാപിക്കുന്നത്. ഇത് അഹിംസകമായ യുദ്ധമാണ്. ഈ യുദ്ധത്തിൽ മരിക്കേണ്ടതായോ വധിക്കേ ണ്ടതായോ ഉള്ള ആവശ്യമില്ല. ഇതാണ് യോഗബലം. എത്ര സഹജമാണ്. ബാബയോടൊപ്പം യോഗം വെക്കുന്നതിലൂടെ നിങ്ങൾ വികർമ്മാജീത്തായിത്തീരുന്നു. പിന്നീട് മായയുടെ യുദ്ധമൊന്നും തന്നെയു ണ്ടാകുന്നില്ല. കണ്ണുപൊത്തിക്കളിയിൽ കാണിക്കുന്നുണ്ടല്ലോ. വായിൽ നാണയമിടുമ്പോൾ മായ അപ്രത്യ ക്ഷമാകുന്നു. നാണയം എടുക്കുമ്പോൾ മായ വരുന്നു. അള്ളാഹു–അവൽദീന്റെയും നാടകമുണ്ട്. വിളക്കിൽ ഉരസുമ്പോഴേക്കും സ്വർഗ്ഗം പ്രത്യക്ഷപ്പെടുന്നു. സ്വർഗ്ഗം അഥവാ ബഹിശ്ത് എന്നും പറയാറുണ്ട്. അപ്പോൾ ബാബ ബ്രഹ്മാവിലൂടെ സ്വർഗ്ഗത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്. പരമപിതാ പരമാത്മാവ് നരകത്തിന്റെ സ്ഥാപന ചെയ്യില്ലല്ലോ. അങ്ങനെയാണെങ്കിൽ അവരുടെ കോലമുണ്ടാക്കി കത്തിക്കുമായിരുന്നു. കോലമു ണ്ടാക്കി കത്തിക്കുന്നത് രാവണന്റെയാണ്, കാരണം രാവണനാണ് എല്ലാവരുടെയും ശത്രു. സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്ന ബാബയെ എല്ലാവരും കണ്ണുകളിൽ വെക്കുന്നു. വന്ന് ദു:ഖത്തിൽ നിന്നും മുക്തമാക്കൂ എന്ന് പറഞ്ഞ് ഭക്തരെല്ലാവരും എന്നെ ഓർമ്മിക്കുന്നുണ്ട്. അതിനാലാണ് ഞാൻ വന്ന് എല്ലാവരെയും മുക്തമാക്കുന്നത്. ബാബ മുക്തേശ്വരനുമാണ്, ആത്മീയ വഴികാട്ടിയുമാണ്. നിങ്ങളെ ശാന്തിധാമത്തിലേ ക്കാണ് കൊണ്ടു പോകുന്നത്. ആരാണോ അച്ഛന്റെ കൂടെ അവർക്കാണ് അവിനാശി ജ്ഞാനരത്നങ്ങ ളുടെ മഴ, ഈ രത്നങ്ങൾ വിലമതിക്കാനാവാത്തതാണ്. ജ്ഞാന സാഗരനായ ബാബയുടെ ആത്മാവിൽ തന്നെയാണല്ലോ ജ്ഞാനത്തിന്റെ പാർട്ടും അടങ്ങിയിരിക്കുന്നത്. സ്വയം പരമപിതാവായ പരമാത്മാവു തന്നെയാണ് പറയുന്നത് ആത്മാവായ എന്നിലാണ് എന്റെ പാർട്ട് അടങ്ങിയിട്ടുള്ളത്. ഭക്തരെ സംരക്ഷി ക്കുക, സർവ്വർക്കും സുഖം നൽകുക ഇതാണ് എന്റെ പാർട്ട്. ദു:ഖം നൽകുന്നത് മായയാണ്. ഭക്തർക്ക് അല്പകാലത്തേക്കുള്ള സുഖം നൽകുക എന്നുള്ളതും എന്റെ പാർട്ടാണ്. സാക്ഷാത്കാരം ചെയ്യിക്കു ന്നതും ദിവ്യ ബുദ്ധി നൽകുന്നതും ഞാൻ തന്നെയാണ്. ഇതിനെയാണ് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രമെന്നു പറയുന്നത്. ഈ ജ്ഞാനത്തിലൂടെയേ നിങ്ങളുടെ ബുദ്ധിയിലുള്ള ഗോദ്റേജ് പൂട്ട് തുറക്കപ്പെ ടുകയുള്ളൂ. എനിക്കും പാർട്ടുള്ളതിനാൽ ആരാണോ അച്ഛന്റെ കൂടെ അവർക്കാണ് ജ്ഞാനമഴ. ഇത്രയും കുട്ടികൾക്ക് എങ്ങനെ ഒരുമിച്ചിരിക്കാൻ സാധിക്കും. നിങ്ങൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു എങ്കിൽ നിങ്ങൾ ബാബയോടൊപ്പം തന്നെയാണ്. ചിലർ ലണ്ടനിലായിരിക്കും, ചിലർ മറ്റെവിടെയെങ്കിലുമായിരിക്കും അപ്പോൾ പിന്നെങ്ങനെ കൂടെയിരിക്കാനാണ്? പക്ഷേ അവർക്കും മുരളി പോകുന്നുണ്ട്. ആരാണോ വിവേ കശാലികളായ കുട്ടികൾ അവർ ഒരാഴ്ചയെങ്കിലും നല്ല രീതിയിൽ മനസ്സിലാക്കുകയാണെങ്കിൽ അവരെ

സ്വദർശന ചക്രധാരികളാക്കി മാറ്റുന്നു. 84 ജന്മങ്ങളുടെ സ്വദർശന ചക്രത്തിന്റെ രഹസ്യമാണ് ഇപ്പോൾ നിങ്ങൾ മനസ്സിലാക്കിയത്. ഈ സ്വദർശന ചക്രം കറക്കുന്നതിലൂടെ മായാ രാവണന്റെ ശിരസ്സ് ഛേദിക്കപ്പെടുന്നു. അതായത് മായയുടെ മേൽ വിജയം കൈവരിക്കുന്നു. ബാക്കി ഇതിൽ ശിരസ്സ് ഛേദിക്കുന്നതിന്റെ കാര്യമൊന്നുമില്ല. മനുഷ്യർ ഹിംസകമായ അസ്ത്ര-ശസ്ത്രങ്ങൾ നൽകി. വാസ്തവത്തിൽ ശംഖ് എന്ന് ഉദ്ദേശിക്കുന്നത് ഈ വായയാണ്. ചക്രത്തെ കറക്കുക എന്നുള്ളത് ബുദ്ധിയുടെ ജോലിയാണ്. ഈ അലങ്കാരങ്ങളാണ് ഭക്തിമാർഗ്ഗത്തിൽ ധാരാളം കാണിച്ചിരിക്കുന്നത്. ഭക്തിമാർഗ്ഗത്തിൽ കാണിച്ചിരിക്കുന്ന ശാസ്ത്രങ്ങൾ ഡ്രാമാ അനുസരിച്ച് ഇനി വീണ്ടും ഉണ്ടാക്കപ്പെടുകതന്നെ ചെയ്യും. ഈ സത്യമായ ഗീത ആരുടെയെങ്കിലും കൈകളിൽ വരികയാണെങ്കിൽ, ചിലപ്പോൾ ഇതിൽ നിന്നും എന്തെങ്കിലുമൊക്കെ ഉൾപ്പെടുത്താൻ സാധ്യതയുണ്ട്. ഇതിലുള്ള ഏതെങ്കിലുമൊക്കെ വാക്കുകൾ അതിലുണ്ടാകും. ബാക്കി കൂടുതൽ കാര്യങ്ങളും അതിലുള്ളതായിരിക്കും. അതിൽ ഭഗവാനുവാച എന്ന വാക്ക് ശരിയാണ്. രാജയോഗമെന്നുള്ളതും ശരി തന്നെയാണ്. ബാബ പറയുന്നു ഇപ്പോൾ തിരികെ വീട്ടിലേക്ക് പോകണം. ഈ ശരീര സഹിതം സർവ്വതും മറക്കണം. ഈ ശരീരത്തിനു പകരമായി നിങ്ങൾക്ക് അവിടെ(സത്യയുഗത്തിൽ) ശുദ്ധ ശരീരം ലഭിക്കുന്നു. ആത്മാവും പരിശുദ്ധമാകുന്നു. ധനവും നിങ്ങളിൽ അളവറ്റ രീതിയിലായിരിക്കും. മുഴുവൻ ഭാരതവും തന്നെ ശുദ്ധമായിത്തീരണമെന്ന ശുദ്ധമായ ലോഭം ഇപ്പോൾ നിങ്ങളിലുണ്ട്. ഭാരതവാസികൾ ആഗ്രഹിക്കുന്നത് രാമരാജ്യത്തിൽ ഒരു ഗവൺമെന്റ് ഒരു രാജ്യമായിരിക്കണമെന്നാണ്. ഏകമതം അതായത് അദ്വൈത മതമായിരിക്കണമെന്നാണ്. അദ്വൈതം എന്ന വാക്കിന്റെ അർത്ഥം തന്നെ ദേവത എന്നാണ്. ഇവിടെ ആസുരീയ മതമാണ്. ശ്രീമത്തില്ലാത്ത സർവ്വതും ആസുരീയ മതം തന്നെയാണ്. ഈ ആസുരീയ മതം കാരണമാണ് എല്ലാവരും പരസ്പരം കലഹിച്ചു കൊണ്ടിരിക്കുന്നത്. ഈശ്വരനെക്കുറിച്ച് അറിയാത്തതിനാൽ അനാഥരായിരിക്കുകയാണ്. സത്യയുഗത്തിലുള്ള ദേവതകൾ സനാഥരാണ്. അവിടെയുള്ള മൃഗങ്ങൾ പോലും പര്സപരം കലഹിക്കില്ല. ഇവിടെയാണെങ്കിൽ എല്ലാവരും കലഹിച്ചുകൊണ്ടിരിക്കുന്നു. സത്യയുഗത്തിൽ എല്ലാവർക്കും പരിധിയില്ലാത്ത സുഖമാണ്.

ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ബാബയിൽ നിന്നും ഈശ്വരീയ ജന്മസിദ്ധ അധികാരം നേടിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഈശ്വരൻ സന്മുഖത്തുണ്ട്. ബാബ പറയുന്നു - ഞാൻ കല്പ-കല്പം സ്വർഗ്ഗം സ്ഥാപിക്കാനായി വരുന്നു. നിങ്ങൾ കുട്ടികൾക്കായി അത്ഭുതകരമായ സമ്മാനവും കൊണ്ടാണ് വരുന്നത്. ബാബ പറയുന്നു എന്റെ ഓമനകളും സിക്കീലധേകളുമായ കുട്ടികളേ, 5000 വർഷങ്ങൾക്കു ശേഷമാണ് ഞാൻ നിങ്ങളെ കാണാൻ വന്നിരിക്കുന്നത്. ഇങ്ങനെ നിങ്ങളോട് മറ്റാർക്കും തന്നെ പറയുവാൻ സാധിക്കില്ല. സ്വയത്തെ ബ്രഹ്മാ-വിഷ്ണു-ശങ്കരൻ എന്നൊക്കെ പറയുന്നവരാണെങ്കിൽ പോലും ഇങ്ങനെയുള്ള കാര്യങ്ങൾ നിങ്ങളോട് മറ്റാർക്കും തന്നെ പറയാൻ സാധിക്കില്ല. ഈ കാര്യത്തിൽ മറ്റാർക്കും കോപ്പി ചെയ്യാൻ സാധിക്കില്ല. ബാബ പറയുന്നു എന്റെ ഓമനകളും സിക്കീലധേകളുമായ കുട്ടികളേ, 5000 വർഷങ്ങൾക്കു ശേഷമാണ് ഞാൻ നിങ്ങളെ കാണാൻ വന്നിരിക്കുന്നത്. നിങ്ങളെ മാത്രമാണ് കാണാൻ വരുന്നത്. ഇനിയും വളരെയധികം കുട്ടികൾ ബാബയെ കാണാനായി വരും. രാജധാനി സ്ഥാപിക്കുന്ന കാര്യത്തിൽ തീർച്ചയായും പ്രയത്നമുണ്ട്. ഒരു രാജാവും റാണിയും, പിന്നീട് അവരുടെ മക്കളിലൂടെ വൃദ്ധി പ്രാപിക്കുന്നു. ഭാരതത്തിൽ എത്ര രാജകുമാരി-കുമാരന്മാരുണ്ടായിരിക്കും. രണ്ടു ലക്ഷമാണെന്നു വിചാരിക്കൂ, അങ്ങനെയെങ്കിൽ പ്രജകൾ മാത്രം 40-50 കോടിയുണ്ടാകും. അപ്പോൾ തീർച്ചയായും ലക്ഷ്യം വളരെ ഉയർന്നതാണ്. ഇത് ബാബയുടെ കോളേജാണ്. എത്ര നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യണം. ബാബ എപ്പോഴും കുട്ടികളോട് രാജാക്കന്മാരുടെയും രാജാവായിത്തീരാനാണ് പറയുന്നത്, അല്ലാതെ പ്രജയാകുവാനല്ല. ആര് കല്പം മുമ്പ് ആയിത്തീർന്നുവോ അവർ മാത്രമേയാകൂ. ആര് ഏതു പ്രകാരത്തിലുള്ള സമ്പത്ത് നേടുന്നു എന്ന് ബാബ സാക്ഷിയായി കാണുന്നു. ചിലർ മുറുകെ പിടിക്കുന്നവരുണ്ട്. ഏറ്റവും പ്രിയപ്പെട്ട നമ്മുടെ അച്ഛനാണ്. കാന്തത്തിനുമേൽ സൂചി പറ്റിപ്പിടിക്കുന്ന പോലെ. ചിലരിൽ തുരുമ്പ് ധാരാളമുണ്ട്, ചിലരിൽ കുറച്ചെയുള്ളൂ. സമീപത്തിരിക്കുന്നവർ പെട്ടെന്നു തന്നെ വന്നു കാണുന്നു, ശുദ്ധമായ സൂചിയാണെങ്കിൽ പെട്ടെന്നു തന്നെ ആകർഷിക്കപ്പെടുന്നു. ബാബ നമ്മളിലുള്ള കറയെ ഇല്ലാതാക്കി ഇത്രയും തിളക്കം നൽകുന്നു, ഇതിലൂടെ നിങ്ങൾ സത്യയുഗത്തിൽ സദാ കൂടെയായിരിക്കും. നിങ്ങൾക്ക് രുദ്രമാലയിൽ കോർക്കപ്പെടണം. മാലയ്ക്ക് മഹിമയുണ്ടെങ്കിലും ആരുടെ മാലയാണെന്നുള്ളത് ആർക്കും തന്നെയറിയില്ല. ബാബ പറയുന്നു എന്റെ മാലയിലുള്ളവർ സ്വർഗ്ഗത്തിന്റെ അധികാരികളാകുന്നവരാണ്. ഭക്തരുടെ മാലയെക്കുറിച്ചും നിങ്ങൾ മനസ്സിലാക്കി കഴിഞ്ഞു. അത് രാവണന്റെ മാലയാണ്. രാവണന്റെ മാലയിലേക്ക് ആദ്യം ആരാണ് വരുന്നത്, ആദ്യം പൂജ്യനിൽ നിന്നും പൂജാരിയായി മാറുന്നതാരാണ്? പൂജ്യ ദേവതയായിരുന്നവർ തന്നെയാണ് പിന്നീട് പൂജാരിയാകുന്നതും. ഇതെല്ലാം എത്ര ഗുഹ്യമായി മനസ്സിലാക്കേണ്ടതായ കാര്യങ്ങളാണ്.

നിങ്ങൾ മഹാദാനികളാണ്. നിങ്ങൾ ദേഹസഹിതം സർവ്വതും ബാബയിൽ ബലിയർപ്പിക്കുന്നു. സന്യാസി

മാർക്ക് ഒരിക്കലും മഹാദാനികളാകുവാൻ സാധിക്കില്ല. അവർ വീടുവിട്ട് കാട്ടിലേക്ക് പോകുന്നവരാണ്. നിങ്ങളാണെങ്കിൽ സർവ്വതും ഈശ്വരനിൽ അർപ്പിക്കുന്നവരാണ്. സർവ്വതും ഭഗവാന് വേണ്ടി. അപ്പോൾ ബാബയും പറയുന്നു, എന്റേതെല്ലാം നിങ്ങൾ കുട്ടികൾക്കുള്ളതാണ്. മനുഷ്യർ മരിക്കുന്ന സമയത്ത് അവരുടെ സർവ്വ സാമഗ്രികളും ക്രിയാകർമ്മങ്ങൾ ചെയ്യുന്നവർക്ക് നൽകാറുണ്ട്. ബാബ പറയുന്നു ഞാനും അതുപോലെയാണ്. നിങ്ങളിലുള്ള കക്കകൾക്കു സമാനമായതെല്ലാം നിങ്ങൾ എനിക്ക് ദാനമായി നൽകുന്നു. ബാബയിൽ ബലിയർപ്പിക്കുന്നു. ഇതെല്ലാം നിങ്ങൾക്ക് തന്നെയാണ് പ്രയോജനപ്പെടുന്നത്. ബാബ കെട്ടിടങ്ങളൊന്നും തന്നെ തനിക്കു വേണ്ടി ഉണ്ടാക്കുന്നില്ല. ശിവബാബ ദാതാവാണ്. സ്വർഗ്ഗത്തിലെ മുഴുവൻ രാജ്യപദവി നിങ്ങൾക്കായി നൽകുന്നു. അതുകൊണ്ട് ബാബയെ വ്യാപാരി എന്നും പറയുന്നു. എത്ര മധുര-മധുരമായ കാര്യങ്ങളാണിത്. പരീക്ഷ പൂർത്തിയാവുകയാണ്. ബാബാ, ഇനി എപ്പോഴാണ് പരീക്ഷ അവസാനിക്കുക എന്ന് കുട്ടികൾ ചോദിക്കുന്നു. ബാബ പറയുന്നു - നിങ്ങൾ എപ്പോഴാണോ മരണത്തിന്റെ വക്കിലെത്തുന്നത്, ജ്ഞാനം പൂർത്തിയാകുന്നത്, അപ്പോൾ വിനാശം ആരംഭിക്കുന്നു. പിന്നീട് വായിൽ സ്വർണ്ണക്കരണ്ടിയായിരിക്കും. ജനിച്ച ഉടൻ തന്നെ സ്വർണ്ണക്കരണ്ടി ലഭിക്കുന്നു. ഈ ലോകത്തിലെ മനുഷ്യർ 30-40 വർഷങ്ങൾ പഠിച്ച് ഇവിടെ തന്നെ അതിന്റെ ഫലവും അനുഭവിക്കുന്നു. എന്നാൽ ഇവിടെ നിങ്ങളുടേതെല്ലാം തന്നെ ഭാവിയിലേക്കുള്ളതാണ്. ഭാവിയിലെ ജന്മത്തിൽ നിങ്ങൾ രാജകുമാരനായിത്തീരുന്നു. വിനാശം ആരംഭിച്ചാൽ മാത്രമേ പരീക്ഷ അവസാനിക്കൂ. ബാക്കി റിഹേഴ്സലുകൾ നടന്നുകൊണ്ടിരിക്കും. ഈ പഠിപ്പിന്റെ ഫലം നിങ്ങൾക്ക് പുതിയ ലോകത്തിൽ ലഭിക്കുന്നു. അവിടെ നിങ്ങളുടെ ശരീരം, ആത്മാവ്, രാജ്യപദവി സർവ്വതും പുതിയതായിരിക്കും. ഇതെല്ലാം വളരെ ഗുഹ്യമായി ധാരണ ചെയ്യേണ്ടതായ കാര്യങ്ങളാണ്. പഠിപ്പ് ഒരിക്കലും ഉപേക്ഷിക്കരുത്. ബാബ നമുക്ക് അത്ഭുതകരമായ കാര്യങ്ങളാണ് കേൾപ്പിക്കുന്നത്. വൈകി വരുന്നവർ പെട്ടെന്നു തന്നെ ജ്ഞാന-യോഗത്തിൽ മുഴുകുന്നതിനാൽ അവർക്ക് ഉയർന്ന പദവി നേടാൻ സാധിക്കുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം കളഞ്ഞ് പോയി തിരികെ കിട്ടിയ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണക്കുള്ള മുഖ്യമായ സാരം -

1. ആത്മാവിനെയും ശരീരത്തെയും പവിത്രമാക്കുന്നതിനായി ഈ പഴയ ശരീര സഹിതം സർവ്വതും മറക്കണം. ദേഹസഹിതം പൂർണ്ണ ബലിയർപ്പണം ചെയ്ത് മഹാദാനിയായിത്തീരണം.

2. ബാബയുടെ ശ്രീമത പ്രകാരം നടന്ന് പരിധിയില്ലാത്ത സുഖം നേടണം. മുഴുവൻ വിശ്വവും സുഖിയാകണമെന്ന ശുദ്ധമായ ലോഭം വെക്കണം. ബാക്കി അശുദ്ധമായ ലോഭത്തെ ത്യാഗം ചെയ്യണം.

## വരദാനം:- അമൃതവേളയുടെ മഹത്വത്തെ അറിഞ്ഞ് മഹാനായി മാറുന്ന വിശേഷ സേവാധാരിയായി ഭവിക്കട്ടെ.

സേവാധാരി എന്നാൽ കണ്ണ് തുറന്നതും സദാ ബാബയോടൊപ്പം ബാബക്ക് സമാനസ്ഥിതിയുടെ അനുഭവം ചെയ്യുക. ആര് വിശേഷ വരദാന സമയത്തെ അറിയുകയും വരദാനങ്ങളുടെ അനുഭവം ചെയ്യുകയും ചെയ്യുന്നുവോ അവർ തന്നെയാണ് വിശേഷ സേവാധാരികൾ. അഥവാ ഈ അനുഭവം ഇല്ല എങ്കിൽ സാധാരണ സേവാധാരിയായി, വിശേഷ സേവാധാരിയല്ല. ആർക്കാണോ അമൃതവേളയുടെ, സങ്കൽപ്പത്തിന്റെ, സമയത്തിന്റെയും സേവനത്തിന്റെയും മഹത്വമുള്ളത് അങ്ങനെയുള്ളവർ സർവ്വ മഹത്വത്തെയും അറിയുന്ന മഹാനായിത്തീരുന്നു, മാത്രമല്ല മറ്റുള്ളവരെയും മഹത്വം പറഞ്ഞുകൊടുത്ത് മഹാനാക്കി മാറ്റുന്നു.

## സ്ലോഗൻ:- ജീവിതത്തിന്റെ മഹാനത സത്യതയുടെ ശക്തിയാണ്, അതിലൂടെ സർവ്വാത്മാക്കളും സ്വതവേ കുനിയുന്നു.